(ബി) 1864 ഉദ്യോഗാർത്ഥികളെ ടെസ്റ്റിന് ക്ഷണിച്ചിരുന്നു. അതിൽ 636 വനിതകൾ ഉണ്ടായിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉത്തരം 'ഡി' യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) പരിശോധിക്കുന്നതാണ്.

കൃഷി അസിസ്റ്റന്റ് നിയമനത്തിനുള്ള എൻഡ്യൂറൻസ് ടെസ്റ്റ്

49 (49) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിലെ അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നടത്തുന്ന "എൻഡ്യൂറൻസ് ടെസ്റ്റ്" സ്ത്രീകളായ തൊഴിലന്വേഷകരെ ദോഷകരമായി ബാധിക്കുന്നുവെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേപോലെ അപേക്ഷിക്കാവുന്ന ഈ തസ്തികയിലേക്കുള്ള ടെസ്റ്റിൽ 10 മിനിട്ട് കൊണ്ട് ഒന്നര കിലോമീറ്റർ ഓടുകയും ഒരു മണിക്കൂർ കൊണ്ട് അഞ്ച് സെന്റ് കര ഭൂമി കിളയ്ക്കുകയും ചെയ്യുക എന്നത് സ്ത്രീകൾക്ക്, വിശിഷ്യാ ഗർഭിണികൾക്ക് സാദ്ധ്യമായ കാര്യമല്ല എന്നത് പരിഗണിച്ച് എൻഡ്യൂറൻസ് ടെസ്റ്റിൽനിന്നും സ്ത്രീകളെ ഒഴിവാക്കുകയോ, കായികക്ഷമതാ ടെസ്റ്റ് ലഘൂകരിക്കുകയോ ചെയ്യുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

ഇൻഫർമേഷൻ ടെക്നോളജി വകുപ്പിലെ നിയമനങ്ങൾ

50 (50) ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ, സെക്രട്ടറിയേറ്റ് ജീവനക്കാരിൽ നിന്നല്ലാതെ പുറമെ നിന്നും എത്രപേരെ നേരിട്ട് നിയമിച്ചു ;

(ബി) നിയമനത്തിനു സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) സ്ഥിരനിയമനമാണോ നടത്തിയത് ;

(ഡി) നിയമനത്തിന് അപേക്ഷ ക്ഷണിച്ച് പത്രപരസ്യം നൽകിയിരുന്നോ ;

(ഇ) ഇല്ലെങ്കിൽ ഏത് പരസ്യമാർഗ്ഗമാണ് സ്വീകരിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നിയമനം നൽകിയവരുടെ പേര് വിവരം വ്യക്തമാക്കുമോ ;

(ജി) നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ സംവരണതത്വം പാലിക്കുമോ ?

ഉത്തരം

(എ) ഗവ: സെക്രട്ടേറിയറ്റിൽ, ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ സെക്രട്ടേറിയറ്റ് ജീവനക്കാരിൽ നിന്നല്ലാതെ പുറമെ നിന്നും ആരെയും നേരിട്ട് നിയമിച്ചിട്ടില്ല.

(ബി-എച്ച്) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

താൽക്കാലിക നിയമനം ലഭിച്ച വികലാംഗരുടെ സ്ഥിരനിയമനം

51 (51) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ താൽക്കാലികമായി സർക്കാർ സർവ്വീസിൽ ജോലിനോക്കിയിരുന്ന വികലാംഗരായ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ആനുകൂല്യം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്കു കൂടി അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇത്തരത്തിൽ എത്ര ജീവനക്കാർക്ക് നിയമനം നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(സി) ചില പൊതുമേഖലാ സ്ഥാപനങ്ങൾ ഇത്തരത്തിൽ പുനർനിയമനം/സ്ഥിരപ്പെടുത്തൽ നൽകാൻ വിസമ്മതിക്കുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) കെൽട്രോണിന്റെ കണ്ണൂർ ശാഖയിൽ ഇത്തരത്തിൽ നിയമനം നൽകുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. അനുവദിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്റ്റാഫ് നേഴ്സ് തസ്തികയിലേക്കുള്ള നിയമനം

52 (52) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly